# പതിനാലാം കേരള നിയമസഭ

# പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2205 | 11/03/2020-ൽ മറുപടിക്ക്

## കെ.എസ്.ഇ.ബി യ്ക്ക് ബാധകമാക്കാത്ത ഉത്തരവ്

| | ചോദ്യം<br><br>**ശ്രീ.സണ്ണി ജോസഫ്** | | മറുപടി<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാന സർക്കാർ 06.02.2017-ൽ പുറപ്പെടുവിച്ച G.O(P) No.16/2017/Fin. എന്ന ഉത്തരവ് കെ.എസ്.ഇ.ബി യ്ക്ക് ബാധകമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ)<br>&<br>(ബി) | കെ.എസ്.ഇ.ബി.ലിമിറ്റഡ് സർക്കാരിന് നൂറുശതമാനം ഓഹരി പങ്കാളിത്തമുള്ള ഒരു പൊതുമേഖലാ കമ്പനിയാണ്. കമ്പനിയുടെ ഡയറക്ടർ ബോർഡാണ് സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച തീരുമാനങ്ങൾ എടുക്കുന്നത്. സർക്കാർ ഉത്തരവുകൾ സ്വമേധയാ കെ.എസ്.ഇ.ബി ലിമിറ്റഡിന് ബാധകമാകുകയില്ല. കെ.എസ്.ഇ.ബി. ലിമിറ്റഡിന് ബാധകമാണെന്നോ പൊതു മേഖലാ സ്ഥാപനങ്ങൾക്കും ബാധകമാണെന്നോ പ്രത്യേകം കാണിച്ചിട്ടുള്ള സർക്കാർ ഉത്തരവുകൾ കെ.എസ്.ഇ.ബി.ലിമിറ്റഡിലും ബാധകമാകും. അങ്ങിനെ പ്രത്യേകം രേഖപ്പെടുത്തിയിട്ടില്ലാത്ത സർക്കാർ ഉത്തരവുകൾ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ഡയറക്ടർ ബോർഡ് കെ.എസ്.ഇ.ബി.യിലും ബാധകമാക്കുന്നതിന് തീരുമാനിച്ചാൽ മാത്രമേ കെ.എസ്.ഇ.ബി.ലിമിറ്റഡിന് ബാധകമാകുകയുള്ളൂ.<br>G.O.(P)No.16/2017/Fin/06-02-2017 നമ്പറായി ധനകാര്യ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവ് സർക്കാർ തലത്തിലുള്ള ടെണ്ടർ കമ്മിറ്റി ഒഴിവാക്കുന്നതിനും ടെണ്ടർ വർദ്ധന/കുറവ് അംഗീകരിക്കുന്നതിനുള്ള പൂർണ്ണ അധികാരം വകുപ്പുതല ഉദ്യോഗസ്ഥർക്ക് ഡലിഗേറ്റ് ചെയ്യുന്നതിനും ഉദ്ദേശിച്ചു കൊണ്ടുള്ളതും സർക്കാർതല ടെണ്ടർ നടപടികളുമായി ബന്ധപ്പെട്ടുള്ളതുമാണ്. ഇതിൽ കെ.എസ്.ഇ.ബി.ലിമിറ്റഡിലേയോ |
| (ബി) | ഇല്ലെങ്കിൽ പ്രസ്തുത സർക്കാർ ഉത്തരവ് കെ.എസ്.ഇ.ബി യ്ക്ക് ബാധകമാക്കാത്തത് എന്തുകൊണ്ടാണ് എന്ന് വ്യക്തമാക്കാമോ? | | |

| | | | |
|---|---|---|---|
| | | | മറ്റേതെങ്കിലും പൊതുമേഖലാകമ്പനികളുടേയോ ടെണ്ടർ നടപടികളെപ്പറ്റി യാതൊരു പരാമർശവുമില്ല. മാത്രമല്ല മേൽ ഉത്തരവ് അഡ്രസ് ചെയ്തിട്ടുള്ള പട്ടികയിൽ കെ.എസ്.ഇ.ബി.ലിമിറ്റഡ് ഉൾപ്പെട്ടിട്ടുമില്ല. ഇക്കാരണങ്ങളാൽ മേൽ ഉത്തരവ് സ്വമേധയാ കെ.എസ്.ഇ.ബി.ലിമിറ്റഡിന് ബാധകമല്ല.<br>പ്രസരണ ലൈനുകളുടെ നിർമ്മാണങ്ങളുമായി ബന്ധപ്പെട്ട പ്രവൃത്തികളിൽ ടെണ്ടർ എക്സസ് സാധാരണമായതിനാൽ G.O.(P)No.16/2017/ Fin/06-02-2017 നമ്പർ ഉത്തരവ് കെ.എസ്.ഇ.ബി.ലിമിറ്റഡിൽ നടപ്പാക്കുന്നത് പ്രായോഗികമല്ല. മറ്റു വകുപ്പുകളിൽ നടക്കുന്ന ടെണ്ടറുകളിൽ നിന്ന് വ്യത്യസ്തമായ സാഹചര്യമാണ് കെ.എസ്.ഇ.ബി.യിൽ നിലനിൽക്കുന്നത് എന്നതിനാൽ മേൽഉത്തരവ് കെ.എസ്.ഇ.ബി.ലിമിറ്റഡിൽ ബാധകമാക്കുന്നതിന് കെ.എസ്.ഇ.ബി.ലിമിറ്റഡ് ഡയറക്ടർ ബോർഡ് തീരുമാനിച്ചിട്ടില്ല. ഇക്കാരണങ്ങളാൽ മേൽ ഉത്തരവ് കെ.എസ്.ഇ.ബി.ലിമിറ്റഡിന് ബാധകമല്ല. |

സെക്ഷൻ ഓഫീസർ